# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## ലേലം / ക്വട്ടേഷൻ നോട്ടീസ്

നമ്പർ : 4999959/2026 തീയതി : 17.07.2026

കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ കൈതക്കാട് ക്ഷേത്രത്തിനടുത്ത് പുന്നോർക്കോട് പട്ടിമറ്റം പഞ്ചായത്ത് റോഡിന് സമീപം നിൽക്കുന്ന 2 പഞ്ഞിമരം , വാർഡ് 6 ൽ പട്ടിമറ്റം ഡബിൾപാലത്തിന് സമീപം പഞ്ചായത്ത് ഗ്രൌണ്ടിൽ നിൽക്കുന്ന ഒരു പഞ്ഞിമരം വാർഡ് 7 ൽ 45 -ാം നമ്പർ അങ്കണവാടിക്ക് എതിർ വശം നിൽക്കുന്ന ആഞ്ഞിലി മരം എന്നിവ മുറിച്ച് മാറ്റുന്നതിന് 30.05.2026 തീയതി കൂടിയ പഞ്ചായത്ത് തല ട്രീ കമ്മറ്റി യോഗ പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്.കൂടാതെ പഞ്ചായത്ത്കുമാരപുരം കംഫർട്ട് സ്റ്റേഷന് സമീപം കംഫർട്ട് സ്റ്റേഷൻ കെട്ടിടത്തിന് ഭീഷണി ആയി നിൽക്കുന്ന ചെറിയ വട്ടമരങ്ങൾ , പഞ്ചായത്ത് ഓഫീസിന് പുറക് വശത്ത് നിൽക്കുന്ന പാഴ്മരത്തിന്റെ ചില്ലകൾ , വാർഡ് 1 ൽ ചാക്കോത്തുമല കോളനി റോഡരികിൽ നിൽക്കുന്ന മണ്ട പോയ തെങ്ങ് എന്നി മരങ്ങൾ മുറിച്ചിടുകയും ചെയ്തിട്ടുള്ളതാണ് . ടി മുറിച്ചിട്ടിരിക്കുന്ന മരം/ചില്ലകളുടെ ലേലം / ക്വട്ടേഷൻ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ വച്ച് 2026 ജൂലൈ മാസം 25 ന് രാവിലെ 11 മണിക്ക് നടത്തുന്നതാണ്. 25.07.2026 രാവിലെ 10.30 വരെ മുദ്രവച്ച ക്വട്ടേഷനുകൾ ഗ്രാമപഞ്ചായത്തിൽ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

## ലേലം / ക്വട്ടേഷൻ നിബന്ധനകൾ

1.ലേലം / ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 500/- രൂപയുടെ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്.

2. കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ 16.06.2026 തീയതിയിലെ കത്ത് പ്രകാരം അംഗീകരിച്ചിട്ടുള്ള തുകയിൽ നിന്നുമായിരിക്കും ലേലം ആരംഭിക്കുന്നത്. (ടി കത്ത് ഈ നോട്ടീസിന് അനുബന്ധമായി ചേർത്തിരിക്കുന്നു.)

3.ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്ന തുകയുടെ 18% ജി.എസ്.ടി. ഒടുക്കേണ്ടതാണ്.

4.ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നവരുടെ / ക്വട്ടേഷൻ സമർപ്പിച്ചവരുടെ പേരിൽ താൽക്കാലികമായി ലേലം / ക്വട്ടേഷൻ ഉറപ്പിക്കുന്നതും, ടിയാൾ ലേലത്തുക അന്നേ ദിവസം വൈകിട്ട് 3 മണിക്ക് മുമ്പായി കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്.

5.ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ലേലം സ്ഥിരപ്പെടുത്തിയതായ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ഇതു സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

6.കരാറിൽ ഏർപ്പെട്ട് 15 ദിവസത്തിനകം മുറിച്ചിരിക്കുന്ന മരങ്ങൾ/ചില്ലകൾ നീക്കം ചെയ്യേണ്ടതുമാണ്.

7.മരങ്ങൾ /ചില്ലകൾ നീക്കം ചെയ്യുന്ന സമയത്തുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് ഉത്തരവാദി ആയിരിക്കുന്നതല്ല.

8.ലേലം / ക്വട്ടേഷൻ മാറ്റി വെയ്ക്കുന്നതിന് കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

9.ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

10.ലേലം / ക്വട്ടേഷനുമായി ബന്ധപ്പെട്ട പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും ബാധകമാണ്.

ഒപ്പ്
സെക്രട്ടറി
കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

പകർപ്പ്

1. വില്ലേജ് ഓഫീസ്, കുന്നത്തുനാട് / പട്ടിമറ്റം.
2. കൃഷിഭവൻ, കുന്നത്തുനാട്
3. എഫ്.എച്ച്.സി., കുമാരപുരം
4. പി.എച്ച്.സി., പട്ടിമറ്റം
5. വെബ്സൈറ്റ് http://www.lsgkerala.gov.in